ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. സി. മൊയീൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക -പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ജാതിക്കാരുടെ ക്ഷേമത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പിന്നോക്ക വികസന കോർപ്പറേഷന്റെ ജില്ലാതല ആഫീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ജില്ലാതല ആഫീസുകൾ പ്രവർത്തിക്കാത്തത്;

(സി) കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാതല ഓഫീസുകൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നില്ല.

(ബി) തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലാണ് ജില്ലാതല ആഫീസുകൾ പ്രവർത്തിക്കാത്തത്. കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിൽ ആഫീസുകൾ തുറന്ന് പ്രവർത്തിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3 (169) **പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നൽകുന്ന വായ്പ**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 30.11.99 വരെ കൃഷിഭൂമി, വായ്പാ, വാഹനവായ്പാ ഭവന നിർമ്മാണം എന്നീ ഇനങ്ങളിൽ എന്തു തുക നൽകിയിട്ടുണ്ട്;

(ബി) വായ്പ തിരിച്ചു നൽകുന്നതിനുള്ള വ്യവസ്ഥയെന്തെല്ലാം;

(സി) വായ്പ ഗഡുക്കളായി തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ;

(ഡി) വീഴ്ച വരുത്തിയിട്ടുള്ളവർക്കെതിരെ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത്;

(ഇ) തിരിച്ചടയ്ക്കാൻ കഴിയാത്തവരുടെ കടം എഴുതിതള്ളാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇങ്ങനെയുള്ള അപേക്ഷകളിൽ ഉൾപ്പെട്ടിട്ടുള്ള തുക എത്രയെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 30.11.99 വരെ കൃഷി ഭൂമി വായ്പക്ക് 225.47 ലക്ഷം രൂപയും വാഹനവായ്പക്ക് 950.34 ലക്ഷം രൂപയും ഭവന നിർമ്മാണ വായ്പയായി 738.92 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ബി) വായ്പ തിരിച്ചടവിനുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

വാഹന വായ്പാ പദ്ധതി

പരമാവധി 60 മാസ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതാണ്. യഥാ കാലം വായ്പ തിരിച്ചടക്കാത്തവർ 4% പിഴ പലിശ അടയ്ക്കേണ്ടതാണ്.

കൃഷിഭൂമി വായ്പ

120 ഗഡുക്കളായി വസ്തുവിന്റെ രജിസ്ട്രേഷൻ കഴിഞ്ഞ് 7-ാം മാസം മുതൽ തിരിച്ചടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തിയ സംഖ്യയ്ക്ക് 2% പിഴ പലിശ ഈടാക്കുന്നതാണ്.

ഭവനവായ്പ

ആദ്യഗഡു വാങ്ങിയതിന് ശേഷം 14-ാം മാസം മുതൽ എല്ലാ മാസം 10 -ാം തീയതിക്കകം വായ്പാസംഖ്യയും പലിശയും തിരിച്ചടയ്ക്കുവാൻ തുടങ്ങേണ്ടതാണ്. വായ്പ തിരിച്ചടയ്ക്കാൻ വീഴ്ച വരുത്തിയാൽ 2% പിഴപലിശ ഈടാക്കുന്നതാണ്. മാസഗഡു തിരിച്ചടവ് മൂന്നു മാസത്തിൽ കൂടുതൽ മുടക്കിയാൽ കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കും.

(സി) ഉണ്ട്.

(ഡി) ഗഡുക്കളായി തുക അടയ്ക്കുവാൻ വീഴ്ച വരുത്തുന്നവർക്ക് സാധാരണ നോട്ടീസും പിന്നീട് രജിസ്ട്രേർഡ് നോട്ടീസും അയയ്ക്കാറുണ്ട്. കോർപ്പറേഷന്റെ ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ നേരിട്ട് കണ്ട് കുടിശ്ശിക അടയ്ക്കുവാൻ ഉപദേശിക്കാറുണ്ട്. എന്നിട്ടും വായ്പ അടയ്ക്കുന്നില്ലായെങ്കിൽ ജാമ്യക്കാരുണ്ടെങ്കിൽ അവർക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്യും. പിന്നീട് ശമ്പളത്തിൽ റിക്കവറി, റവന്യൂ റിക്കവറി എന്നീ നടപടികൾ എടുക്കുന്നു.

വാഹന വായ്പ പദ്ധതിയിൽ വലിയ കുടിശ്ശിക വരുത്തിയവരുടെ വാഹനം പിടിച്ചെടുത്ത് ടി വാഹനം ലേലം ചെയ്ത് തുക വസൂലാക്കുന്നു. എന്നിട്ടും തുക മതിയാകുന്നില്ലെങ്കിൽ ജാമ്യക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.

(ഇ) ലഭിച്ചിട്ടുണ്ട്.

(എഫ്)114 അപേക്ഷകളിലായി ഏകദേശം 13.52 ലക്ഷം രൂപ.

4 (170) ചികിത്സ ധനസഹായം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക 'ചികിത്സാ ധനസഹായം' അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly